# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6307 — 20/11/2019 -ലെ മറുപടിക്ക്.

## നിർമ്മാണത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ചോദ്യം
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

മറുപടി.
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിർമ്മാണ ത്തൊഴിലാളികൾക്കായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | 2018 -ൽ നാഷണൽ കമ്പെയിൻ കമ്മിറ്റി ഫോർ സെൻട്രൽ ലെജിസ്ലേഷൻ ഓൺ കോൺട്രാക്ട് ലേബർ എന്ന സംഘടന നൽകിയ കേസിൽ, നിർമ്മാണത്തൊഴിലാളി കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകണമെന്നാണ് സുപ്രീംകോടതി വിധിച്ചതെന്ന് അറിയിക്കുമോ ; | (ബി) | നാഷണൽ ക്യാമ്പയിൻ കമ്മിറ്റി ഫോർ സെൻട്രൽ ലെജിസ്ലേഷൻ ഓൺ കൺസ്ട്രക്ഷൻ ലേബർ എന്ന സംഘടന നൽകിയ കേസിൽ ബഹു. സുപ്രീം കോടതിയുടെ 04-10-2018 ലെ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രാലയം ഇത് സംബന്ധിച്ച് കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. (ജീവനും അവശതയ്ക്കുമുള്ള ധന സഹായം Life and disability cover)<br>2. ആരോഗ്യം - പ്രസവധന സഹായം (Health and Maternity cover)<br>3. വിദ്യാഭ്യാസം (Education)<br>4. ഭവന പദ്ധതി (Housing)<br>5. നൈപുണ്യ വികസനം (Skill development) |

| | | | |
|---|---|---|---|
| | | | 6. അവയർനെസ്സ് പദ്ധതികൾ (Awareness Programs)<br><br>7. പെൻഷൻ (Pension) |
| **(സി)** | നിർമ്മാണ തൊഴിൽ മേഖലയിൽ നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തണമെന്ന സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | **(സി)** | സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെൻറ് ഒരു ഘടന തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

**കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ബോർഡിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങൾ**

| ക്രമ നം. | ആനുകൂല്യം |
|---|---|
| 1. | പെൻഷൻ |
| 2. | കുടുംബ പെൻഷൻ |
| 3. | സാന്ത്വന ധനസഹായം |
| 4. | അവശത പെൻഷൻ |
| 5. | അംഗ തൊഴിലാളി / പെൻഷനായ തൊഴിലാളിയുടെ നോമിനിയ്ക്ക് മരണാനന്തര ചെലവിനുള്ള ധനസഹായം |
| 6. | മരണാനന്തര ധനസഹായം |
| 7. | അപകട മരണധനസഹായം |
| 8. | പ്രസവാനുകൂല്യം |
| 9. | വിവാഹ ധനസഹായം |
| 10. | സാധാരണ ചികിത്സാ ധനസഹായം |
| 11. | അപകട ചികിത്സാ ധനസഹായം |
| 12. | മാരകരോഗ ചികിത്സാ ധനസഹായം |
| 13. | അപകടത്തെ തുടർന്നുള്ള സ്ഥിരവും, സ്ഥായിയുമായ അവശതയ്ക്കുള്ള ധനസഹായം |
| 14. | ഉന്നത വിദ്യാഭ്യാസ ധനസഹായം |
| 15. | എസ്.എസ്.എൽ.സി. പഠനസഹായം |
| 16. | എൻട്രൻസ് ധനസഹായം |
| 17. | ക്യാഷ് അവാർഡ് |
| 18. | ഭവന നിർമ്മാണവായ്പ |
| 19. | ഉപകരണ വായ്പ |
| 20. | റീഫണ്ട് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ